രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി


# ഉള്ളടക്കം

1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 15

# മറിയം സഭയുടെ മാതാവും മാതൃകയും





- കുരിശിൻ ചുവട്ടിൽ നിന്ന മറിയത്തെ ശിഷ്യനായ യോഹന്നാനും, യോഹന്നാനെ മറിയത്തിനും ഏല്പിച്ചു കൊടുത്തപ്പോൾ നമ്മെ ഓരോരുത്തരേയുമാണ് ഈശോ, മറിയത്തിനും മറിയത്തെ നമുക്കും ഭരമേല്പിച്ചത്. തന്റെ അമ്മയെ ഈശോ നമുക്കു നല്കി.

1. വചനം സ്വീകരിച്ച അമ്മ
2. മറിയം സഭയുടെ അമ്മ
3. മറിയം സഭയുടെ പ്രതിരൂപവും മാതൃകയും
4. മരിയഭക്തിയുടെ വിവിധരൂപങ്ങൾ
5. മറിയത്തിന്റെ മാധ്യസ്ഥ്യവും സംരക്ഷണവും

# വചനം സ്വീകരിച്ച അമ്മ

- ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ ഭവിക്കട്ടെ (ലൂക്കാ 1, 38).
- ദൈവഹിതം നിറവേറ്റുവാൻ സന്നദ്ധയായ മറിയമാണ് ദൈവ പുത്രന്റെ അമ്മയായി മാറിയത്. ഈശോ തന്റെ അമ്മയുടെ മഹത്വമായി എടുത്തുപറഞ്ഞത് അമ്മയുടെ വചനശ്രവണവും അതിനനുസരിച്ചുള്ള ജീവിതവുമാണ്.



# മറിയം സഭയുടെ അമ്മ


- സഭാശരീരത്തിന്റെ ശിരസ്സായ മിശിഹായ്ക്ക് ജന്മം കൊടുത്ത മറിയം മിശിഹായുടെ ശരീരമായ സഭയ്ക്കു ജന്മം കൊടുക്കുന്നതിലും പങ്കാളിയായി. അതിനാൽ, അവൾ ശിരസ്സായ മിശിഹായുടെ മാത്രമല്ല അവിടുത്തെ ശരീരമായ സഭയുടെയും അമ്മയായി മാറി.



# മറിയം സഭയുടെ പ്രതിരൂപവും മാതൃകയും

- ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്നുറച്ചു വിശ്വസിച്ചു പ്രവർത്തിച്ച മറിയത്തെ കർത്താവരുളിച്ചെയ്തവ നിറവേറ്റു മെന്നു വിശ്വസിച്ചവൾ ഭാഗ്യവതിയാകുന്നു എന്ന് ഏറ്റു പറഞ്ഞ് തലമുറകൾ വണങ്ങുന്നു.
- വിശ്വാസത്തിലും ഉപവിയിലും മിശിഹായോടുള്ള പരിപൂർണ വിശ്വസ്തതയിലും മറിയം സഭയ്ക്ക് മാതൃകയാണ്
- ദൈവത്തിനു തന്നെത്തന്നെ പരിപൂർണ്ണമായും സമർപ്പിച്ച മറിയം വിശ്വസ്തതയുടെയും സമർപ്പണത്തിന്റെയും പ്രതിരൂപമാണ്.








# മറിയത്തിന്റെ മാധ്യസ്ഥ്യവും സംരക്ഷണവും

- **അവൻ പറയുന്നതു നിങ്ങൾ ചെയ്യുവിൻ.** അമ്മയെപ്പോലെ അവിടുത്തെ മക്കളായ നമ്മളും ഭാഗ്യമുള്ളവരാകാൻ അമ്മ ആവശ്യപ്പെടുന്നത് ഈശോ പറയുന്നതുപോലെ ചെയ്യാനാണ്.



## മരിയഭക്തിയുടെ വിവിധരൂപങ്ങൾ

- പരിശുദ്ധ കന്യകയോട് പൗരസ്ത്യദേശത്തും പാശ്ചാത്യദേശത്തും പ്രദർശിപ്പിക്കുന്ന ഏറ്റവും പരിപൂജ്യമായ ഭക്താഭ്യാസങ്ങളെല്ലാം തന്നെ ആരാധന ക്രമത്തിൽ ഉദയം ചെയ്തിട്ടുള്ളവയൊ അതിനോടു ലയിച്ചിട്ടുള്ളവയൊ ആകുന്നു.
- ആരാധാന ചൈതന്യത്തിനനുസരിച്ച് മരിയഭക്തിയിൽ മുന്നേറുവാൻ മാർത്തോമ്മ ക്രിസ്ത്യാനികൾ എന്നും ശ്രദ്ധിച്ചിരുന്നു.
- എല്ലാ ബുധനാഴ്ചകളും മരിയഭക്തിയിൽ പ്രത്യേകം നീക്കിവച്ചിരിക്കുന്നു.

- സീറോമലബാർസഭയുടെ ആരാധനചൈതന്യത്തിൽ ആധികാരികമായ മരിയഭക്തി പ്രകാശിപ്പിക്കുന്നതിനുള്ള പ്രധാനവേദിയാണ് യാമപ്രാർത്ഥന.
- നമ്മുടെ സഭയിൽ ബുധനാഴ്ചകളിലെ യാമപ്രാർത്ഥനകൾ മാതൃഗീതികളാലും പ്രാർത്ഥന കളാലും സമ്പന്നമാണ്.
- മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായുള്ള പതിനഞ്ചുനോമ്പും ജനനത്തിരുന്നാളി നൊരുക്കമായുള്ള എട്ടുനോമ്പും ഇതിനുദാഹരണ ങ്ങളാണ്.

# ദൈവവചനം വായിക്കാം

# ധ്യാനിക്കാം

## (ലൂക്കാ 1:39-56)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി.**

(ലൂക്കാ 1:45)

# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളുടെ കർത്താവായ ഈശോയേ, നിന്റെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ പ്രാർത്ഥനയാൽ ഞങ്ങൾക്ക് ആത്മീകവും ശാരീരികവുമായ സഹായവും സംരക്ഷണവും പ്രദാനം ചെയ്യണമേ. നിന്റെ രാജ്യത്തിലെ നിത്യവിരുന്നിൽ അവളോടുകൂടെ ഞങ്ങളേയും പങ്കാളികളാക്കണമേ.

# എന്റെ തീരുമാനം

**ഞാൻ എന്നും മാതാവിന്റെ മാധ്യസ്ഥ്യം  യാചിക്കും**

Thank you